മാലകൾകൊണ്ടു വിതാനിച്ച ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള'

'ലീലാവിലാസം' ആണല്ലോ, കേരളീയരുടെ ഭാവനയിൽ, കദളീവനത്തിന്റെ സവിശേഷത. മഹാകവിയുടെ കവിതയിൽ ഈ 'ലീലാവിലാസ'ത്തോടൊപ്പം കദളിപ്പഴത്തിന്റെ സൗമ്യമായ സൗരഭ്യവും അച്ഛമായ മാധുര്യവും ഇഴുകിച്ചേർന്നിട്ടുണ്ടെന്ന കാര്യത്തിൽ ആർക്കും വിപ്രതിപത്തിയുണ്ടാവുകയില്ല. -ശ്രീരാമദൂതന്റെ സാന്നിദ്ധ്യം കദളീവനത്തിനു നൽകിയിരുന്ന വിശുദ്ധിയുടേതായ ഒരു പരിവേഷവും സഹൃദയർക്കു് ആ കവിതയിൽ അനുഭവിക്കാവുന്നതാണു്.

30 ആഗസ്റ്റ്, 1980

## 84. വാഴേങ്കട കുഞ്ചുനായർ

'ശ്ലിഷ്ടാ ക്രിയാ കസ്യചിദാത്മസംസ്ഥാ
സംക്രാന്തിരന്യസ്യ വിശേഷയുക്താ
യസ്യോഭയം സാധു സ ശിക്ഷ കാണാം
ധുരി പ്രതിഷ്ഠാപയിതവ്യ ഏവ'

ഏറ്റവും നല്ല നാട്യാചാര്യൻ ആരു് എന്ന ചോദ്യത്തിനു് കാളിദാസൻ നൽകിയ ഉത്തരമാണു് മുകളിൽ ഉദ്ധരിച്ച പദ്യം. ചിലർക്കു ഭംഗിയായി അഭിനയിക്കാൻ അറിയാം. മററു ചിലർ സ്വയം അഭിനയിക്കുന്നതിൽ അത്ര വിദഗ്ദ്ധരല്ലെങ്കിലും അന്യരെ അഭിനയം പഠിപ്പിക്കുന്നതിൽ വിശേഷിച്ചു നിപുണരാണു്. സ്വയം അഭിനയിക്കുന്നതിനും അന്യരെ പഠിപ്പിക്കുന്നതിനുമുള്ള രണ്ടുതരം പാടവങ്ങളും ആരിൽ ഒത്തുചേർന്നു വിളങ്ങുന്നുവോ അയാളെയാണു് അദ്ധ്യാപകരുടെ തലവനായി നിയമിക്കേണ്ടതു് എന്നത്രേ ഇതിന്റെ താല്പര്യം.

കാളിദാസന്റേതായ ഈ മാനദണ്ഡമനുസരിച്ചു്, കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളിൽ കേരളത്തിലെ കഥകളിയാശാന്മാരുടെ തലപ്പത്തു പ്രതിഷ്ഠിക്കപ്പെടുവാൻ സർവഥാ അർഹനായിരുന്നു ഇക്കഴിഞ്ഞ ഫെബ്രുവരി 19—നു നിര്യാതനായ വാഴേങ്കട കുഞ്ചുനായരാശാൻ. കൃഷ്ണൻനായരെപ്പോലെ, കളിവിളക്കിനെക്കൂടി നിഷ്പ്രഭമാക്കിക്കൊണ്ടു് അരങ്ങു നിറഞ്ഞു നില്ക്കുവാനോ, കഥകളിയുടെ ക ഖ ഗ പോലും അറിയാത്ത പാമരരെക്കൂടി പരമാവധി രസിപ്പിക്കുവാനോ ഉള്ള സിദ്ധി കുഞ്ചുനായരാശാനു് ഉണ്ടായിരുന്നു എന്നു പറഞ്ഞുകൂടാ. എന്നാൽ, കഥകളിയുടെ സങ്കേതങ്ങളിൽ അവഗാഹമുള്ളവരെ സംബന്ധിച്ചിടത്തോളം കുഞ്ചുനായരുടെ അഭിനയം അത്ഭുതോപമംതന്നെയായിരുന്നു. അഭ്യാസസിദ്ധമായ അഭിനയപാടവത്തെ ആർജിതപാണ്ഡിത്യംകൊണ്ടു് അദ്ദേഹം കുറയററതാക്കി. താൻ അവതരിപ്പിക്കുന്ന കഥാപാത്രങ്ങളുടെ പുരാണപ്രതിപാദിതമായ സ്വഭാവം എന്തെന്നു് അദ്ദേഹത്തിനു നല്ല ഉറപ്പുണ്ടായിരുന്നു. അതിനാൽ, സ്ഥായിരസത്തെ ഒരിക്കലും കൈവിടാതെ മാത്രം താത്ക്കാലികങ്ങളായ സഞ്ചാരിഭാവങ്ങൾ പ്രദർശിപ്പിക്കുന്നതിൽ അദ്ദേഹം വളരെയധികം ശ്രദ്ധവെച്ചു. 'കടന്നുപോയി' എന്നോ 'വേണ്ടത്ര ആയില്ല' എന്നോ പറയിപ്പിക്കുന്ന ഒന്നും അദ്ദേഹത്തിന്റെ പ്രകടനങ്ങളിലുണ്ടായിരുന്നില്ല. അതിശയോക്തിയിലേക്കു വഴുതിവീഴാൻ എപ്പോഴും സാധ്യതയുള്ള കഥകളിരംഗത്തു് സുനിയന്ത്രിതമായ സംയമം പ്രദർശിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

മിതവും സാരവുമായ വാക്കാണ് വാഗ്മിതം. കുഞ്ചുനായരാശാന്റെ അഭിനയത്തിൽ വാഗ്മിത അതിന്റെ പൂർണമായ ഭംഗിയും ശക്തിയും പുലർത്തി.

കൈമുദ്രകളുടെ വൃത്തിയും വ്യതിരിക്തതയുമായിരുന്നു ആശാന്റെ മറ്റൊരു സവിശേഷത. നല്ല കൈയെഴുത്തിനെന്നപോലെ, നല്ല കൈമുദ്രകൾക്കുമുണ്ട്, സഹൃദയസംവേദ്യമായ ചില സവിശേഷതകൾ. വ്യക്തത, അസങ്കീർണത, താളാനുസാരിത മുതലായവ ഈ ഗുണങ്ങളിൽ ചിലവയത്രേ. പാട്ടിന്റെ ഏതു് അക്ഷരത്തിൽ, താളത്തിന്റെ ഏതു് അടിയിൽ, മുദ്രകൾ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യണമെന്നതു സംബന്ധിച്ച് കൃത്യമായ വ്യവസ്ഥകൾ കല്ലുവഴിച്ചിട്ടയിൽ പുലർന്നു വരുന്നുണ്ട്. സംഗീതവും നൃത്തവും അഭിനയവും ചേർന്ന് ഏകഘനമായ ഒരു സൗന്ദര്യാനുഭൂതിയായി പരിണമിക്കുന്നതിന് ഈ വ്യവസ്ഥകൾ പൂർണമായും പരിപാലിക്കപ്പെടുകതന്നെ വേണം. കല്ലുവഴിപാരമ്പര്യത്തെ അഭംഗുരമായി പുലർത്തിയ ഒരാളായിരുന്നു കുഞ്ചുനായരാശാൻ.

അഭിനയിക്കുന്നതിനെന്നപോലെ അഭിനയം അഭ്യസിപ്പിക്കുന്നതിനുള്ള നൈപുണ്യവും കുഞ്ചുനായരാശാനിൽ മികച്ചുനിന്നു. ഏറ്റവും മേലേക്കിടയിലുള്ള രണ്ട് കഥകളിസ്ഥാപനങ്ങളിൽ, പി. എസ്. വി. നാട്യസംഘത്തിലും കലാമണ്ഡലത്തിലും, പ്രധാനാദ്ധ്യാപക പദവി തികച്ചും വിജയകരമായി നിർവഹിച്ചുകൊണ്ട് അദ്ദേഹം അതു തെളിയിക്കുകയും ചെയ്തു. തന്റെ ഗുരുനാഥനായ പട്ടിക്കാംതൊടി രാമുണ്ണിമേനോനെപ്പോലെ അഭിനയത്തെ ഒരു തൊഴിലായല്ലാതെ ഒരു സാധനയായി ദേവപ്രീതിക്കുവേണ്ടി നിർവഹിക്കുന്ന ചാക്ഷുഷക്രതുവായി അദ്ദേഹവും കണക്കാക്കി വന്നു.

ഞാനെഴുതിയ ബുദ്ധചരിതം ആട്ടക്കഥ ആകാശവാണിക്കുവേണ്ടി ചിട്ടപ്പെടുത്തി രംഗത്തവതരിപ്പിച്ചതു് കുഞ്ചുനായരാശാനായിരുന്നു. ആട്ടക്കഥ വായിച്ചതോടൊപ്പം അദ്ദേഹം എഡ്വിൻ ആർണോൾഡിന്റെ 'ലൈറ്റ് ഓഫ് ഏഷ്യ'യുടെ മലയാള വിവർത്തനംകൂടി മനസ്സിരുത്തി പഠിച്ചു. ബൗദ്ധ സങ്കല്പത്തിലുള്ള മാരനും ഹൈന്ദവ സങ്കല്പത്തിലുള്ള കാമനും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഞങ്ങൾതമ്മിൽ നടന്ന സംവാദം ഞാനിപ്പോഴും ഓർക്കുന്നു. ബൗദ്ധദർശനത്തിലേക്കും സിദ്ധാർത്ഥന്റെ സ്വഭാവത്തിലേക്കും ശരിയായ ഉൾക്കാഴ്ച നേടിയ ശേഷമേ അദ്ദേഹം ബുദ്ധചരിതം ചിട്ടപ്പെടുത്താൻ തയ്യാറായുള്ളു. എത്രമാത്രം ഗൗരവബുദ്ധിയോടെയാണ് അഭിനയകലയെ അദ്ദേഹം സമീപിച്ചിരുന്നതെന്ന് അന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു.

ഒരു കഥകളിനടനു പ്രതീക്ഷിക്കാവുന്ന എല്ലാ ബഹുമതികളും അദ്ദേഹത്തിനു കൈവരികയുണ്ടായി. ദീർഘകാലത്തെ അനാരോഗ്യത്തെ തുടർന്നുള്ള അദ്ദേഹത്തിന്റെ മരണം അപ്രതീക്ഷിതമായിരുന്നില്ല. എന്നാലും, അദ്ദേഹത്തെ കഥകളിയരങ്ങുകളിൽ ഇനി കാണുകയില്ലല്ലോ എന്നോർക്കുമ്പോൾ ഖേദം തോന്നുന്നു. വെറും കുഗ്രാമമായ വാഴേങ്കടയിലെ ചെറിയ ക്ഷേത്രത്തിനടുത്തു് കഥകളി കണ്ടുകണ്ടു അതിനോടു താദാത്മ്യം നേടിയ വള്ളുവനാട്ടിലെ ഗ്രാമീണ സഹൃദയരുടെ മധ്യത്തിൽ കുഞ്ചുനായരും കൃഷ്ണൻനായരും രാമൻകുട്ടിനായരും നമ്പീശനും പൊതുവാൾമാരും മറ്റും ചേർന്ന് അവതരിപ്പിച്ച സന്താനഗോപാലത്തിലെ ആ രംഗങ്ങൾ—അവ സെല്ലുലോയ്ഡിൽ പകർന്ന് എന്നെന്നേക്കുമായി സംരക്ഷിക്കാൻ ആരുമുണ്ടായില്ലല്ലോ!

15 മാർച്ച്, 1981